## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2132** **07/03/2017-ൽ മറുപടിക്ക്.**

### ആയുർവേദ മരുന്നുകളുടെ നിർമ്മാണ വിതരണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>,, പി.കെ.കുഞ്ഞാലിക്കുട്ടി<br>,, പി.കെ.അബ്ദു റബ്ബ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | ആയുർവേദ മരുന്നുകളുടെ നിർമ്മാണ വിതരണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | **എ)** | ഇല്ല. |
| **ബി)** | എങ്കിൽ പ്രവർത്തനം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കമോ: | **ബി)** | ബാധകമല്ല |
| **സി)** | ആയുർവേദ ഡ്രഗ് ഇൻസ്പെക്ടിംഗ് സംവിധാനത്തിൽ, സാമ്പിളുകൾ പരിശോധിക്കാനും, അനധികൃത നിർമ്മാണങ്ങൾ തടയാനും, ശാസ്ത്രീയ ചേരുവകളല്ലാത്തവ കണ്ടെത്തി നിരോധിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കാനും തക്കവിധം അതിനെ കാര്യക്ഷമമാക്കാൻ ആവശ്യമായ നിയമനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | **സി)** | സ്വീകരിച്ചുവരുന്നു.<br>4 ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ പി.എസ്.സി മുഖേന സ്ഥിരമായി നിയമിച്ചു കഴിഞ്ഞു. 3 ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർമാരെക്കൂടി ആയുഷ് സ്കീമിൽ (2016-17) നിയമിക്കുവാനും ഗുണനിലവാര പരിശോധന നടത്തുന്നതിനായി HPTLC എന്ന ഉപകരണം വാങ്ങുന്നതിനും സെൻട്രൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. സാമ്പിളുകൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സെൻട്രൽ സ്കീം (2014-15) വഴി ഫണ്ട് അനുവദിക്കുകയും അതനുസരിച്ച് 9 ജീവനക്കാരെ നിയമിക്കുകയും ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നു. ഔഷധങ്ങളിലെ ഹെവി മെറ്റൽസ് പരിശോധിക്കുന്നതിലേയ്ക്കായി ATOMIC ABSORPTION SPECTRO PHOTO METER എന്ന ഉപകരണം 2015-16 ലെ സ്കീമിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**